(ബി) പ്രസ്തുത ഡി.എ. കുടിശ്ശിക എത്രയും പെട്ടെന്ന് ഇവരുടെ പി.എഫിൽ ക്രെഡിറ്റ് ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ - ബി) വിവരം ശേഖരിച്ചു വരുന്നു.

ആലുവ ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഒഴിവുകൾ

60 (5972) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവ ഫയർ & റെസ്ക്യൂ സ്റ്റേഷനിലെ ഏതെല്ലാം തസ്തികകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഷനിൽ ഏതെല്ലാം തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്റ്റേഷനിൽ ഇപ്പോൾ ആവശ്യത്തിന് ജീവനക്കാർ ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സ്റ്റേഷനിൽ എത്ര വാഹനങ്ങൾ ഉപയോഗയോഗ്യമായതായി ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ സ്റ്റേഷൻ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്റ്റേഷൻ ഓഫീസർ, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, ലീഡിംഗ് ഫയർമാൻ, ഡ്രൈവർ മെക്കാനിക്, ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ, ഫയർമാൻ, ലോവർ ഡിവിഷൻ ക്ലർക്ക്, പാർട്ട് ടൈം സ്വീപ്പർ.

(ബി) ലീഡിംഗ് ഫയർമാൻ 10-6-2010 മുതൽ (ഒരെണ്ണം)

ഫയർമാൻ ഡ്രൈവർ കം പമ്പ് ഓപ്പറേറ്റർ 22-5-2009 മുതൽ (രണ്ടെണ്ണം)

ഫയർമാൻ 29-8-2009 മുതൽ (7എണ്ണം), 27-9-2009 മുതൽ (3എണ്ണം)

(സി) ഇല്ല.

(ഡി) 6 വാഹനങ്ങൾ.

(ഇ) അഗ്നിശമനരക്ഷാ സേവനവകുപ്പ് ആധുനിക വൽക്കരിക്കുന്നതിന്റെ ഭാഗമായി ഈ സ്റ്റേഷനും ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly